**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1171** **10-08-2023 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ നഗരസഭയിലെ കനകമലയിലും കരിയാട്ടും, സമഗ്ര കുടിവെള്ള പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | പാനൂർ മുനിസിപ്പാലിറ്റിയിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ ശുദ്ധജലവിതരണ ടാങ്കുകൾ നിർമ്മിക്കുന്നതിന് പാനൂർ മുനിസിപ്പാലിറ്റിയിലെ പെരിങ്ങളം വില്ലേജിലെ കനകമലയിൽ 35 സെൻറും പെരിങ്ങത്തൂർ വില്ലേജിൽപ്പെട്ട കരിയാട് എന്ന സ്ഥലത്ത് 25 സെൻറ് ഭൂമിയും ലാൻറ് അക്വിസിഷൻ വഴി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് 24.09.2022 ന് ഭൂമി റവന്യൂ വകുപ്പ് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതികളുടെ പുരോഗതിയും സമയബന്ധിതമായി ആയവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ? | (ബി) | തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് 2018 ലാണ് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചത്. ഈ പദ്ധതിയുടെ ടാങ്കുകളുടെ നിർമ്മാണത്തിനായി മേൽ പറഞ്ഞ രണ്ട് ഭൂമി ഏറ്റെടുക്കുന്ന വിഷയത്തിൽ ആദ്യഘട്ടത്തിൽ കനകമലയിൽ പൊതുജനങ്ങളിൽ നിന്നുണ്ടായ എതിർപ്പുകളാണ് പദ്ധതിക്കു ലാൻറ് അക്വിസിഷൻ നടപടികൾ ആരംഭിക്കാൻ വൈകിയത്. തുടർന്ന് ബഹു. കൂത്തുപറമ്പ് എം.എൽ.എ യുടെയും മറ്റ് ജനപ്രതിനിധികളുടെയും ഇടപെടലിനെ തുടർന്ന് പ്രശ്നങ്ങൾ പരിഹരിക്കുകയും ലാൻറ് അക്വിസിഷൻ നടപടികൾ ആരംഭിക്കുകയും ചെയ്തു. ലാൻറ് അക്വിസിഷൻ നടപടികൾ 24.09.2022 ന് പൂർത്തീകരിച്ച് റവന്യൂ വകുപ്പ് ഭൂമി വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.<br><br>തലശ്ശേരി - കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം ഊർജ്ജിതപ്പെടുത്താൻ ബഹു. ജലവിഭവവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ബഹു. കൂത്തുപറമ്പ്, തലശ്ശേരി എം.എൽ.എ മാരുടെ സാന്നിദ്ധ്യത്തിൽ 14.07.2022 ന് ബഹു. മന്ത്രിയുടെ ഓഫീസിൽ യോഗം ചേർന്നിരുന്നു. പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | നിർദ്ദിഷ്ട സ്രോതസ്സായ കീഴല്ലൂരിലെ മൈലാടിയിലെ ജലശുദ്ധീകരണശാലയിൽ ജലലഭ്യത കുറവായതിനാൽ ഈ പദ്ധതിയെ പാനൂർ മുനിസിപ്പാലിറ്റിയുടെ സമീപ പഞ്ചായത്തുകൾക്കായി പുതുതായി ആരംഭിക്കുന്ന ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തൃപ്പങ്ങോട്ടൂർ പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജലവിതരണ പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്താൻ യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. വിശദമായ സാങ്കേതിക പരിശോധനയിൽ ഈ നിർദ്ദേശം പ്രായോഗികമാണെന്ന് തെളിയുകയും അതിൻറെ അടിസ്ഥാനത്തിൽ പ്രോജക്ടിൻറെ ഘടകങ്ങൾ പുനരാവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>മേൽപ്പറഞ്ഞ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട തൃപ്പങ്ങോട്ടൂർ പഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ളപദ്ധതിയുടെ പ്രധാനഘടകമായ 32 MLD ശുദ്ധീകരണശാല നിർമ്മിക്കുന്നതിന് 1.60 ഏക്കർ സ്വകാര്യ ഭൂമി ആവശ്യമായിരുന്നു. ഇത് 2022 മാർച്ച് മാസത്തിൽ ലഭ്യമാവുകയും തുടർന്ന് തൃപ്പങ്ങോട്ടൂർ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പാനൂർ മുനിസിപ്പാലിറ്റിയിൽ കനകമലയിലും കരിയാട്ടും രണ്ട് ശുദ്ധജലവിതരണ സംഭരണികൾ, തൃപ്പങ്ങോട്ടൂർ പദ്ധതിയുമായി ബന്ധിപ്പിച്ച് ടാങ്കുകളിലേക്കുള്ള ട്രാൻസ്മിഷൻ പൈപ്പുകൾ, ടാങ്കുകളിൽ നിന്ന് അഞ്ച് സോണുകളായി പാനൂർ മുനിസിപ്പാലിറ്റിയിൽ വിതരണശൃംഖല, 2500-ൽപ്പരം ഗാർഹികകണക്ഷനുകൾ എന്നിവ ഉൾപ്പെട്ടതാണ് പുനരാവിഷ്കരിച്ച പദ്ധതി ഘടകങ്ങൾ. ഇതിൻറെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. 2018 ൽ അംഗീകാരം കിട്ടിയ പദ്ധതിയായതിനാൽ കിഫ്ബിയുടെ നിലവിലുള്ള നിയമമനുസരിച്ച് പദ്ധതിയുടെ ഭരണാനുമതിക്ക് റീവാലിഡേഷൻ ആവശ്യമായി വന്നിരിക്കുകയാണ്. ഇതിനായുള്ള റീവാലിഡേഷൻ ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ